**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5256** **14-03-2023 - ൽ മറുപടിയ്ക്ക്**

**കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷന്റെ പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയായിരുന്നു; പ്രസ്തുത കോർപ്പറേഷന്റെ പ്രവർത്തനം നിർത്താൻ ഇടയായ സാഹചര്യം എന്താണ്; വിശദാംശം വ്യക്തമാക്കുമോ? | (എ) | നാഷണൽ ഹൗസിംഗ് ബാങ്ക് പോലെയുള്ള ഏജൻസികളിൽ നിന്ന് വിഭവങ്ങൾ സമാഹരിച്ച് സംസ്ഥാനത്തെ വിവിധ ഭവന നിർമ്മാണ ഏജൻസികൾക്കും വ്യക്തികൾക്കും ന്യായമായ പലിശ നിരക്കിൽ സാമ്പത്തിക സഹായം നൽകുകയെന്നതായിരുന്നു 9/3/2012-ലെ സ.ഉ.(കൈ) നം.21/2012/ഭവനം നമ്പർ ഉത്തരവ് പ്രകാരം രൂപീകൃതമായ കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷന്റെ പ്രധാന പ്രവർത്തനം. കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ പ്രവർത്തനം ആരംഭിച്ച് ഏകദേശം 5 വർഷം പൂർത്തിയായിട്ടും തൃപ്തികരമായ ഒരു ബിസിനസ്സും നടക്കാത്തതു കൊണ്ടും, കമ്പനി രൂപീകരിച്ചതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ സാധിക്കാത്തതിനാലും, ഈ കമ്പനി നിലനിർത്തിക്കൊണ്ടു പോകുന്നത് അനാവശ്യ ചെലവ് ഉണ്ടാക്കുന്നതിനാലും 21/3/2019-ലെ സ.ഉ.(കൈ) നം.3/2019/ഭവനം പ്രകാരം കോർപ്പറേഷന്റെ പ്രവർത്തനം അവസാനിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ

131

GOVERNMENT OF KERALA

Abstract

Housing Department - Formation of Kerala State Housing Development Finance Corporation Ltd. (KSHDFC) – Approved – Orders issued.

HOUSING (B) DEPARTMENT

G.O.(MS)No. 21/2012/Hsg. Dated, Thiruvananthapuram 09-03-2012.

Read:- 1) Letter No. C1/448/2011/HC dated 19.09.2011 from the Housing Commissioner, Thiruvananthapuram.
2) G.O (Rt)No. 69/2011/Hsg. dated 23.09.2011.
3) Letters No. 1/Gen./KSHDFC/2011 dated 17.10.2011, 11.11.2011, 15.11.2011, 04.01.2011 and 05.03.2012 from the Nodal Officer, Kerala State Housing Development Finance Corporation.

**ORDER**

In the revised Budget Speech for 2011-12, it was announced that Kerala State Housing Development Finance Corporation (KSHDFC) will be formed for the State by mobilizing resources from agencies like National Housing Banks, for providing financial assistance to various house construction agencies and individuals, at a reasonable rate of interest and ₹1Crore will be allocated for the formation of this Corporation.

2) On the basis of this, Shri. V. Unnikrishnan, Executive Engineer of Kerala State Housing Board was appointed as nodal officer to prepare a project report for the formation of the Corporation. He submitted the project report to Government.

3) After examining the project report in detail, Government have decided to approve the formation of the Corporation and order as follows:-

**a)** The company/corporation shall be registered in the name as "Kerala State Housing Development Finance Corporation Limited" (KSHDFC) with its Headquarters at Thiruvananthapuram.

**b)** The corporation shall have an initial paid up capital of ₹ 1 Crore announced in the revised budget 2011-12 and an authorized capital of ₹10 Crore.

**c)** The Corporation shall be incorporated as a Public Limited Company with 100% holding by Government in the beginning and further to the incorporation, 74% can be allotted to public/private corporates/entrepreneurs retaining 26% equity by Government.

**d)** There shall be seven (7) promoters for the corporation of which three shall be Directors. The following officers are nominated as promoters of the corporation:-

1) Chief Secretary
2) Secretary, Housing
3) Secretary, Finance
4) Secretary, Finance (Expenditure )
5) Secretary, Law
6) Secretary, Local Self Government
7) Housing Commissioner

Of the above officers the Chief Secretary, Secretary, Housing and Secretary, Finance are nominated as the Directors of the Company.

(PTO)

130

cpH

e) Shri. V. Unnikrishnan, Executive Engineer of KSHB (the present Nodal Officer) is appointed as Special Officer, by giving additional charge, for doing all the required actions for the formation of the corporation.

f) A practicing Company Secretary shall be engaged for filing applications with the Registrar of Companies under Ministry of Corporate Affairs for incorporation of the Company and allied matters .

4) The share holding patterns of the Corporation shall be finalized at the time of preparation of Memorandum and Articles of Association and necessary further orders in this regard will be issued separately.

5) The Special Officer will initiate further action in this matter.

By Order of the Governor.

A. Ajith Kumar,
Secretary to Government.

To

The Housing Commissioner, Thiruvananthapuram.
The Secretary, Kerala State Housing Board, Thiruvananthapuram.
The Director, Kerala State Nirmiti Kendra, Thiruvananthapuram.
The Principal Accountant General (A&E)/Audit, Kerala, Thiruvananthapuram.
(this issues with the concurrence of Finance Department)
The Law(D) Department ( vide No. 24666/D3/2011/Law dated 14.12.2011).
The Finance (PUC) Department (vide No. 2148/PUC3/12/Fin.dated 02.03.2012).
The Local Self Government Department.
The General Administration (SC) Department.
The Information & Public Relations Department.
SF/OC.

Forwarded By / Order,

Section Officer.

Samad
Urgent n/a
& put up to
further procedures to close
25/3/19.

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ഭവന നിർമ്മാണ വകുപ്പ്- കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷന്റെ പ്രവർത്തനം അവസാനിപ്പിച്ച് ഓഹരികൾ തിരികെ സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഭവന നിർമ്മാണ (ബി) വകുപ്പ്**

**സ.ഉ.(കൈ) നം.3/2019/ഭവനം** തീയതി,തിരുവനന്തപുരം, 21/03/2019

പരാമർശം:- 1 സ ഉ (കൈ) നം.21/2012/ഭവനം തീയതി 09/03/2012.

2 സ.ഉ (കൈ) നം.06/2013/ഭവനം തീയതി 23/02/2013

3 കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ സ്പെഷ്യൽ ഓഫീസറുടെ 09/04/2018 ലെ 1/Gen/KSHDFC/2011 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ പരാമർശം (1) പ്രകാരം രൂപീകരിച്ചു. കമ്പനിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനും ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനും പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. 1956-ലെ കമ്പനീസ് ആക്ട് പ്രകാരം 19/07/2013-ന് രജിസ്ട്രാർ ഓഫ് കമ്പനീസ്, കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് രൂപീകരിക്കുന്നതിന് അംഗീകാരം നൽകി. കമ്പനിയുടെ Paid-up share capital 5 ലക്ഷം രൂപയും, authorised share capital 10 കോടി രൂപയുമായി നിജപ്പെടുത്തുകയും ഒരു ഷെയറിന് 10 രൂപ നിരക്കിൽ 5 ലക്ഷം രൂപയുടെ 50,000/- ഷെയറുകൾ കേരള ഗവർണറെ പ്രതിനിധാനം ചെയ്ത് ചീഫ് സെക്രട്ടറിയ്ക്കും മറ്റ് ഔദ്യോഗിക അംഗങ്ങൾക്കുമായി 13/8/2013-ലെ ഡയറക്ടർ ബോർഡ് അലോട്ടു ചെയ്തു.

ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ 31.12.2016-ൽ കൂടിയ യോഗത്തിൽ കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷന്റെ ഭാവി പ്രവർത്തനത്തെക്കുറിച്ച് ചർച്ച ചെയ്യുകയും ഇന്നത്തെ സാഹചര്യത്തിൽ ഇങ്ങനെയൊരു കമ്പനിയുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് സർക്കാരിന്റെ അംഗീകാരം അഭ്യർത്ഥിക്കുവാൻ തീരുമാനിക്കുകയും ഇക്കാര്യത്തിനായി കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തു.

പരാമർശം (3) പ്രകാരം കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ രൂപീകരിച്ചിട്ട് ഏകദേശം 5 വർഷം പൂർത്തിയാകുന്ന അവസ്ഥയിൽ കാര്യമായ ഒരു ബിസിനസ്സും ഇതുവരെ നടത്തിയിട്ടില്ല, കൂടാതെ നിലവിൽ ഒരു ജീവനക്കാരനെ നിയമിച്ച് ഹോണറേറിയം നല്കി വരുന്നതിനാലും പ്രത്യേക നടപടികളോ, പൊതുതാല്പര്യമോ ഇല്ലാതെ തന്നെ അനാവശ്യ ചെലവ് വരുത്താൻ ഇടയാക്കുന്ന ടി കമ്പനി നിലനിർത്തേണ്ടതില്ല എന്ന് അറിയിച്ചുകൊണ്ട് കമ്പനി പിരിച്ചു വിടുന്നതിനും ഓഹരികൾ തിരികെ സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ സ്പെഷ്യൽ ഓഫീസർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ രൂപീകരിച്ചതിന്റെ ഉദ്ദേശം പൂർത്തീകരിക്കുവാൻ സാധിക്കാത്തതിനാലും ഈ കമ്പനി നിലനിർത്തി കൊണ്ട് പോകുന്നത് അനാവശ്യ ചെലവ് ഉണ്ടാക്കുന്നതിനാലും കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷന്റെ പ്രവർത്തനം അവസാനിപ്പിച്ച് ഓഹരികൾ തിരികെ സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ:വിശ്വാസ് മേത്ത**
**അഡീഷണല് ചീഫ് സെക്രട്ടറി**

സെക്രട്ടറി, ഭവന നിർമ്മാണ ബോർഡ്, തിരുവനന്തപുരം

ഹൗസിംഗ് കമ്മീഷണർ , തിരുവനന്തപുരം

സ്പെഷ്യൽ ഓഫീസർ, കേരള സ്റ്റേറ്റ് ഹൗസിംഗ് ഡവലപ് മെന്റ് ഫിനാൻസ് കോർപ്പറേഷൻ

ധനകാര്യ (പി.യു.സി) വകുപ്പ്) (PUC3/71/2018-FIN dated 03/07/2018)

നിയമ വകുപ്പ്

തദ്ദേശ സ്വയംഭരണ വകുപ്പ്

പൊതുഭരണ (എസ്.സി) വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്) കേരള , തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ)

(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

Signature valid
Digitally signed by SUBHA S
Date: 2019.03.22 13:47:17 IST
Reason: Approved

...വിൻ പ്രകാരം

സെക്ഷൻ ഓഫീസർ

<u>പകർപ്പ്:</u>

ബഹു.റവന്യൂവും ഭവന നിർമ്മാണവും വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഭവന നിർമ്മാണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

ഭവന നിർമ്മാണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്